(ബി) ഈ കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ ; ഇല്ലെങ്കിൽ പരിഗണിക്കുമോ ;

(സി) അക്രമത്തിൽ കൊല്ലപ്പെട്ടവരിൽ എത്രപേർ മുമ്പ് കൊലക്കേസിലോ, മറ്റ് കേസ്സുകളിലോ പ്രതിയായിട്ടുണ്ട് ; ഏതെല്ലാം കേസ്സുകളിലാണെന്നും കേസ്സുകളുടെ സ്വഭാവം എന്താണെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ)&(ബി) മാറാട് കൂട്ടക്കൊലയിൽ കൊല്ലപ്പെട്ട അസ്ഗറിന്റെ ആശ്രിതർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഒരു ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ അസ്ഗറിന്റെ ആശ്രിതർ ആരും തന്നെ സാമ്പത്തിക സഹായത്തിനായി ബന്ധപ്പെട്ടവരെ സമീപിക്കാത്തതിനാലും കൊല്ലപ്പെട്ട അസ്ഗറിന്റെ ആശ്രിതരുടെ മേൽവിലാസം അറിയാത്തതുകൊണ്ടും സാമ്പത്തിക സഹായം നൽകാൻ സാധിച്ചിട്ടില്ല.

(സി) മാറാട് കൂട്ടക്കൊലയിൽ കൊല്ലപ്പെട്ട ഒൻപത് പേരിൽ ഒരാളായ ബേപ്പൂർ അംശം, തെക്കേതൊടിയിൽ വീട്ടിൽ രാജൻ മകൻ പുഷ്പൻ എന്ന പുഷ്പരാജൻ മുമ്പ് താഴെപ്പറയുന്ന രണ്ട് കേസ്സുകളിൽ പ്രതിയായിട്ടുണ്ട്.

1. ബേപ്പൂർ പോലീസ് സ്റ്റേഷനിലെ ക്രൈം നമ്പർ 45/99 അണ്ടർസെക്ഷൻ 143,147,148,307,302 ആർ/ഡബ്ല്യൂ149 ഐ.പി.സി.

2. ബേപ്പൂർ പോലീസ് സ്റ്റേഷനിലെ ക്രൈം നമ്പർ 40/2002 അണ്ടർ സെക്ഷൻ 143,147,148,153 (എ), 450, 436 ആർ/ഡബ്ല്യൂ149 ഐ.പി.സി.

കുന്ദമംഗലം മണ്ഡലത്തിൽ നിന്ന് ചികിത്സാ ധനസഹായത്തിന് അപേക്ഷ നൽകിയിരുന്നവർ

11 (1479) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം കുന്ദമംഗലം മണ്ഡലത്തിൽ നിന്ന് ചികിത്സാ ധനസഹായത്തിന് മുഖ്യമന്ത്രിക്ക് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് ;

(ബി) ഇതിൽ എത്രപേർക്ക്, എത്ര തുകവീതം, ഏതൊക്കെ കാലയളവിൽ അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) ഇനിയും സഹായം ലഭിച്ചിട്ടില്ലാത്തവരെത്രയാണെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇവർക്ക് എന്നത്തേയ്ക്ക് സഹായം ലഭ്യമാക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുന്ദമംഗലം നിയോജകമണ്ഡലത്തിൽ നിന്ന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ചികിത്സാ ധനസഹായത്തിന് 143 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2001-02-ൽ 27 പേർക്ക് 1,32,500 രൂപ

2002-03-ൽ 15 പേർക്ക് 21,000 രൂപ

2003-04-ൽ 3 പേർക്ക് 6,000 രൂപ

(സി) ഇനിയും ധനസഹായം ലഭിക്കാത്ത 98 പേർ ബാക്കിയുണ്ട്.

(ഡി) കഴിയുന്നത്ര വേഗം ലഭ്യമാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

സംസ്ഥാനത്തിന്റെ ജി.ഡി.പി.

12 (1480) ശ്രീ. എൻ. ഡി. അപ്പച്ചൻ :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

ശ്രീ. ടി. വി. ചന്ദ്രമോഹൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്താം പദ്ധതിക്കാലത്ത് സ്റ്റേറ്റിന്റെ ജി.ഡി.പി. എത്ര ശതമാനം വർദ്ധിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത് ;

(ബി) പത്താം പദ്ധതിയുടെ പ്രഥമ വർഷം സംസ്ഥാനത്തിന്റെ ജി.ഡി.പി. എത്ര ശതമാനം വർദ്ധിക്കുമെന്ന് പ്രതീക്ഷിച്ചു ;

(സി) യഥാർത്ഥത്തിലുള്ള വർദ്ധനയെത്രയായിരുന്നു ;

(ഡി) പത്താം പദ്ധതിയുടെ രണ്ടാം വർഷത്തിൽ സംസ്ഥാന ജി.ഡി.പി. എത്ര ശതമാനം വർദ്ധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആസൂത്രണ കമ്മീഷൻ നിശ്ചയിച്ചിട്ടുള്ള പ്രകാരം പത്താം പദ്ധതിക്കാലത്ത് സംസ്ഥാനത്തിന്റെ ജി.ഡി.പി.യിൽ 6.5 ശതമാനത്തിന്റെ വാർഷിക വർദ്ധനയാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(ബി) പത്താം പദ്ധതിയുടെ പ്രഥമ വർഷം (2002-03) സംസ്ഥാനത്തിന്റെ ജി.ഡി.പി.യിൽ 6.5 ശതമാനം വർദ്ധനവാണ് പ്രതീക്ഷിച്ചിരുന്നത്.

(സി) 2002-03-ൽ സംസ്ഥാനത്തിന്റെ ജി.ഡി.പി.യിൽ ഉണ്ടായ വർദ്ധനവിനെ സംബന്ധിച്ച കണക്കുകൾ തയ്യാറായി വരുന്നതേയുള്ളൂ.

(ഡി) പത്താം പദ്ധതിയുടെ രണ്ടാം വർഷത്തിൽ (2003-04)-ൽ സംസ്ഥാനത്തിന്റെ ജി.ഡി.പി.യിൽ 6.5 ശതമാനത്തിന്റെ വളർച്ചയാണ് പ്രതീക്ഷിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly